# തെങ്ങിൻ ചങ്ങാതിയായി കൃഷിമന്ത്രി തെങ്ങിൻ മുകളിൽ

കോട്ടയം: തെങ്ങിന്റെ നല്ല ചങ്ങാതിയായി കൃഷി മന്ത്രി കെ.പി. മോഹനൻ. കോട്ടയത്ത് സംഘടിപ്പിക്കുന്ന കർഷകദിനാചരണത്തിന്റെ ആലോചനായോഗത്തോടനുബന്ധിച്ച് തെള്ളകം പാസ്റ്ററൽ സെന്ററിൽ എത്തിയപ്പോഴാണ് മന്ത്രി തെങ്ങിൻമുകളിൽ കയറിയത്.

കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റി നാളികേര വികസന ബോർഡുമായി സഹകരിച്ച് നടപ്പിലാക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയിലെ അംഗങ്ങൾക്ക് പ്രോത്സാഹനം നൽകാനായിരുന്നു തെങ്ങുകയറ്റം. നാളികേര വികസന ബോർഡിന്റേയും കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിയുടേയും പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് അദ്ദേഹം പറഞ്ഞു. തെങ്ങ്കയറ്റമിഷന്റെ വിതരണവും നിർവഹിച്ചു.

വനിതാ ശിങ്കാരിമേളം, കമ്യൂണിറ്റി ഹോട്ടൽ, വനിതാ ഓട്ടോറിക്ഷ പ്രോഗ്രാം സെക്യൂരിറ്റി ഫോഴ്സ് തുടങ്ങിയവയും കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടക്കുന്നുണ്ടെന്ന് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട് പറഞ്ഞു.



തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലന പരിപാടിയുടെ ഭാഗമായി കൃഷി മന്ത്രി കെ.പി. മോഹനൻ തെങ്ങിൽ കയറുന്നു. കെ.എസ്.എസ്.എസ്. സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, ജോസഫ് ചാവറ തുടങ്ങിയവർ സമീപം.